# പത്രക്കുറിപ്പ് (15/05/17)

1. കുമരകം പഞ്ചായത്തിലെ എട്ടാം വാർഡു മെമ്പർ പി.കെ സേതുവിനെയും പന്ത്രണ്ടാം വാർഡ് മെമ്പർ ജയകുമാറിനെയും മുഖംമൂടി ധരിച്ചെത്തിയ സംഘം ആക്രമിച്ച കേസിൽ കരിയിൽ ഭാഗത്ത് മൂലെത്തറ വീട്ടിൽ മോഹനൻ മകൻ മനോജ് വയസ്സ് 30, കവണാറ്റിൻകര ഭാഗത്ത് കുരിശുചിറ വീട്ടിൽ റാവു മകൻ ബിനീഷ് റാവു വയസ്സ് 31 എന്നിവരെ ഇന്നേ ദിവസം അറസ്റ്റ് ചെയ്ത് റിമാണ്ട് ചെയ്തു.
2. പ്രായപൂർത്തി ആകാത്ത പെൺകുട്ടിയെ വിവാഹ വാഗ്ദാനം നൽകി പെൺകുട്ടിയുടെ വീടിനോട് ചേർന്നുള്ള സ്ഥലത്ത് വച്ച് ജിതോമോൻ, അമ്മങ്കുഴി വീട് കുളപ്പുറം എന്നയാൾ ലൈംഗികമായി പീഡിപ്പിച്ചതിൽ വച്ച് 15-05-2017 തീയതി ഉച്ചയ്ക്ക് കാഞ്ഞിരപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ ഷാജു ജോസ്, എഎസ്ഐ രാധാകൃഷ്ണൻ, എസ്.സി.പി.ഒ. അനീഷ് കുമാർ, സി.പി.ഒ. റൈറ്റ്സ് wcpo സരിമോൾ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ടിയാനെ അറസ്റ്റ് അറസ്റ്റ് ചെയ്ത് റിമാണ്ട് ചെയ്തു.
3. ബസ് സ്റ്റാൻഡിലും പരിസരങ്ങളിലും രാത്രികാലങ്ങളിൽ തങ്ങുന്ന ആളുകളുടെ മോബൈൽ ഫോണുകളും പണവും കവർന്ന് എടുക്കുന്ന ആസാം സ്വദേശിയായ ജാണ്ടു ടാറ്റി വയസ് 28 എന്നയാളെ മോഷണ മുതലായ മോബൈൽ ഫോണുകൾ സഹിതം 15/05/2017 തീയതി പുലർച്ചെ 12.45 മണിക്ക് പാലാ KSRTC ബസ് സ്റ്റാൻഡ് ഭാഗത്തു നിന്നും പാലാ എസ്. ഐ ശ്രീ അഭിലാഷ് കുമാർ, പ്രൊബോഷണൽ എസ്. ഐ അനീഷ്, സീനിയർ സിവിൽ പോലീസ് ഓഫീസർ അനിൽ, രാംദാസ്, സിവിൽ പോലീസ് ഓഫീസർ സുനിൽകുമാർ, ഷിബു, നിധിൻ എന്നിവർ ചേർന്ന് രാത്രികാല പട്രോളിംഗിനിടെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി.

Sd/-(15/05/17)

കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി